**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **20.03.2012 - ൽ**
**ചോദ്യം നം.1215** **മറുപടിക്ക്**

## <u>കെ.എസ്.ടി.പി. രണ്ടാംഘട്ട പ്രവർത്തനങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| **ശ്രീ.കോടിയേരി ബാലകൃഷ്ണൻ**<br>**ശ്രീ.എം.ചന്ദ്രൻ**<br>**ശ്രീ.കെ.കെ.നാരായണൻ**<br>**ശ്രീ.സാജു പോൾ** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(മരാമത്ത് വകുപ്പുമന്ത്രി)** |
| (എ) കെ.എസ്.ടി.പി.രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) കെ.എസ്.ടി.പി.രണ്ടാംഘട്ടത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ധ്രുതഗതിയിൽ പൂർത്തിയായിവരുന്നു. |
| (ബി) ഈ ഘട്ടത്തിൽ ആകെ ചെലവ് എത്രയാണ് പ്രതീക്ഷിക്കുന്നത്;<br>(സി) ഇത് സംബന്ധിച്ച് ലോകബാങ്കുമായി ചർച്ചകൾ പൂർത്തിയാക്കിയിട്ടുണ്ടോ;<br>(ഡി) എന്തൊക്കെ പ്രവർത്തനങ്ങളാണ് ഈ ഘട്ടത്തിൽ ഉദ്ദേശിക്കുന്നത്; | (ബി) (സി) & (ഡി) രണ്ടാംഘട്ടത്തിന് 2942 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിൽ ആകെ 367 കി.മീ. ദൈർഘ്യം വരുന്ന 7 റോഡുകളുടെ പുനരുദ്ധാരണ മാണ് കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് കൂടാതെ 1000 കി.മീ. റോഡുകളുടെയും ഹെവിമെയിന്റനൻസ്, റോഡുസുരക്ഷാ പ്രവർത്തനങ്ങൾ, പൊതുമരാമത്ത് വകുപ്പിനെ ശക്തി പ്പെടുത്തൽ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയും ഒന്നാം ഘട്ടത്തിൽ പൂർത്തീകരിച്ച 254 കി.മീ. റോഡുകളും 28 ഹെവി മെയിന്റനൻസ് റോഡുകളും ദീർഘകാലാടിസ്ഥാനത്തിൽ |

അറ്റകുറ്റപണികൾ ചെയ്യുക എന്നിവ കൂടി കെ.എസ്.ടി.പി.രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്ന കാര്യം 2012 ഫെബ്രുവരി മാസം കേരളം സന്ദർശിച്ച ലോകബാങ്ക് പ്രതിനിധികൾ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിന് ലോകബാങ്കിന്റെ വായ്പ 648 കോടി രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ലോകബാങ്കുമായുള്ള തുടർ ചർച്ചകൾ നടന്നുവരുന്നു.

(ഇ) ഒന്നാം ഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

(ഇ) ഒന്നാംഘട്ടത്തിന്റെ എല്ലാ പ്രവർത്തനങ്ങളും 2011 ഫെബ്രുവരിമാസം പൂർത്തീകരിച്ചു കഴിഞ്ഞു.

സെക്ഷൻ ഓഫീസർ